6869
16/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വകുപ്പിന്റെ സേവനങ്ങളും പ്രവർത്തികളും സംബന്ധിച്ച് എഫ് എം. സ്റ്റേഷനുകൾ മുഖാന്തിരം ബോധവൽക്കരണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

=====================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.346/2015/സാനീവ — തിരുവനന്തപുരം, തീയതി, 08.06.2015

=====================================================

പരാമർശം : (1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.04.2015 ലെ ജി3- 12099/15 നം. കത്ത്
(2) 16.05.2015 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും കൂടുതൽ ഫലപ്രദമായി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി മാതൃഭൂമി ക്ലബ് എഫ്.എം. വഴി പരസ്യപ്രചരണം നടത്തുന്ന പരിപാടി 2015-16 വർഷത്തിലും നടപ്പിലാക്കുന്നതിന് ആവശ്യമായ 18,63,000/- രൂപയും ആയതിന്റെ 12.36% സർവ്വീസ് ടാക്സ് ആയ 2,30,267/- രൂപയും ചേർത്ത് ആകെ 20,93,267/- രൂപ അനുവദിക്കണമെന്നുള്ള നിർദ്ദേശം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരംസമർപ്പിച്ചു. ഇത് 16.05.2015 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. ഈ സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പിന്റെ വിവിധ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനായി മാതൃഭൂമി ക്ലബ് എഫ്.എം വഴി പരസ്യപ്രചരണം നടത്തുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി ആകെ 20,93,267/- രൂപ (ഇരുപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുന്നൂറ്റി അറുപത്തി ഏഴ് രൂപ) 2235-02-001-93 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ